# 'യേശു - ജീവന്റെ ജലം'

## യോഹന്നാൻ 7:37–38

''ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നു കൊണ്ടു: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു''

ഇന്നു നാം ആയിരിക്കുന്ന ഈ ലോകത്ത് ഭൗതീകമായ നമ്മുടെ ദാഹം തീർക്കാൻ മതിയായ അത്ര വെള്ളം പോരാതെ വന്നിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണു ഞാനും നിങ്ങളും ഇന്നു കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അവിടെയാണു ക്രിസ്തുവിന്റെ വചനം യോഹന്നാൻ സുവിശേഷത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത്; നമ്മുടെ യഥാർത്ഥമായ ദാഹം എന്തിനു വേണ്ടിയായിരിക്കണം എന്നും ആ ദാഹം തീർക്കാനുള്ള ഉപാധി എന്തായിരിക്കണമെന്നും, അങ്ങനെ ദാഹം തീർത്ത് ആ ഉറവിടത്തിൽ വിശ്വസിക്കുന്ന ഏവരിലും ജീവജലത്തിന്റെ നദി ഒഴുകും എന്നുള്ള കാര്യവും. അങ്ങനെയെങ്കിൽ ഇന്നു നാം നമ്മെ തന്നെ വാസ്തവത്തിൽ ദാഹിക്കുന്നവരായാണോ എണ്ണുന്നത്? അതോ ഈ ലോകത്തിൽ നിന്നു ലഭിക്കുന്ന പലതിനെക്കൊണ്ടും നമ്മുടെ ദാഹം അൽപകാലത്തേക്ക് ശമിപ്പിച്ച് മുന്നോട്ട് പോകുന്നവരാണോ?

ഇവിടെ കർത്താവ് പറയുന്ന ഈ വചന ഭാഗം ശ്രദ്ധിച്ചാൽ കാണാൻ കഴിയും, ആത്മീയമായി ദാഹിക്കുന്ന ഏവരേയും അവൻ അവന്റെ അടുക്കലോട്ട് കടന്നു വരുവാനായിട്ട് ക്ഷണിക്കുകയാണ്. അവിടെ അവൻ ആരുടെയും ഗുണകണങ്ങളോ, മേന്മയോ ഒന്നും നോക്കുന്നില്ല; പക്ഷെ ഒരൊറ്റ കാര്യം മാത്രമാണവൻ നോക്കുന്നത്. നിനക്കിന്നു എന്റെ അടുക്കൽ വന്നു പാനം ചെയ്‌വാനുള്ള ആത്മീയ ദാഹം ഉണ്ടോ?

എപ്പോഴാണ് ഒരു വ്യക്തിക്കു വാസ്തവത്തിൽ ആത്മീയമായ ദാഹം ഉണ്ടാകുന്നത്? നമുക്കറിയാം നമ്മുടെ ശരീരത്തിൽ നിന്ന് ജലാംശം നഷ്ടപ്പെടുമ്പോളാണ് നമുക്ക് ദാഹം തോന്നുന്നതും അതു ശമിപ്പിക്കാൻ നാം വെള്ളം കുടിക്കുന്നതും. അതു പോലെ തന്നെയാണ് ആത്മീയമായ ദാഹവും. നമ്മുടെ കൂടെയുള്ള ദൈവത്തിന്റെ സാന്നിധ്യം നഷ്ടപ്പെട്ട് നാം പാപത്തിന്റെ അവസ്ഥയിലേക്ക് കടന്നു പോകുകയും അതിനു ശേഷം താൻ ഒരു പാപിയായ മനുഷ്യനാണെന്നുള്ള പാപ ബോധം ഉണ്ടാവുമ്പോഴാണ് നമുക്ക് ഏറ്റവും അധികമായി ആത്മീയമായ ദാഹം ഉണ്ടാകുന്നത്. അതു തിരിച്ചറിയുന്നതുവരെ അവർക്കുള്ള ദാഹം ഈ ലോകം നൽകുന്ന മറ്റു പലതിനോടുമായിരിക്കും. ഒരിക്കൽ ആ ദാഹം ഉണ്ടായിക്കഴിഞ്ഞാൽ കടന്നു വന്ന് അവനിൽ നിന്നും കുടിപ്പാനായി അവൻ നമ്മെ

ക്ഷണിക്കുകയാണ്. അവനിൽ നിന്നു കുടിക്കുക എന്നു പറയുമ്പോൾ, നാം എങ്ങനെയാണോ ഒരു ഗ്ലാസ് വെള്ളം കുടിക്കുമ്പോൾ അത് നമ്മുടെ ശരീരത്തിലേക്ക് പ്രവേശിക്കുന്നത് അതു പോലെ തന്നെ കർത്താവിനെ നമ്മുടെ ജീവിതത്തിലേക്കുള്ള ഒരു ഉൾക്കൊള്ളലാണ് അത്. അതായത് നമ്മുടെ ജീവിതത്തിലേക്കുള്ള പരിശുദ്ധാത്മാവിന്റെ പ്രവേശനത്തെയും നമ്മുടെ ശരീരത്തിൽ നമ്മുടെ വഴികാട്ടിയായി അവൻ വസിക്കുന്നതിനെയും കുറിച്ച് ഉപമിച്ചിരിക്കുന്നു.

വചനത്തിന്റെ രണ്ടാം ഭാഗത്തേക്ക് കടന്നു ചെല്ലുമ്പോൾ അവിടെ മേൽ കണ്ടതിന്റെ അടുത്ത പടിയെക്കുറിച്ചാണ് പറയുന്നത്. അതായത് നമ്മുടെ കർത്താവിൽ നിന്നു പാനം ചെയ്ത് അവനിൽ വിശ്വസിക്കുന്ന ഏവനിലും നിന്ന് ജീവജലത്തിന്റെ നദി ഒഴുകും എന്നുള്ള വലിയ വാഗ്ദത്തമാണ് കർത്താവ് അവിടെ തരുന്നത്. അതിന്റെ പൊരുൾ ഇത്ര മാത്രം; നാം നമ്മുടെ ആത്മീയ ദാഹം തീർക്കാൻ പ്രാപിച്ച പരിശുദ്ധാത്മാവിനെ നമ്മിൽ മാത്രം ഒതുക്കിവെയ്ക്കാതെ അത് മറ്റുള്ളവരിലേക്കും പകർന്നു കൊടുക്കുക. അതു വഴി നിർജ്ജീവമായി കിടക്കുന്ന ചില ആത്മാക്കൾക്ക് പുതുജീവൻ പ്രാപിക്കാൻ ഇടവരും.

അങ്ങനെയെങ്കിൽ ഇന്നു നാം ചിന്തിക്കുക, നമ്മോട് തന്നെ ഒന്നു ചോദിക്കുക, വാസ്തവത്തിൽ നാം ആത്മീയമായ ദാഹം എന്തെന്ന് അറിഞ്ഞിട്ടുണ്ടോ? ഇല്ല എന്നാണ് ഉത്തരം എങ്കിൽ ഓർത്തുകൊള്ളുക നീ നിന്റെ പാപാവസ്ഥയിൽ തന്നെയാണുള്ളത്, നിനക്കിതുവരെയും പാപബോധം ഉണ്ടായിട്ടില്ല. അതിനാൽ പാപ ബോധം ഉണ്ടാകുവാനും ആത്മീയ ദാഹം എന്തെന്ന് അറിയുവാനും ആ ദാഹം തീർക്കാൻ തക്കവണ്ണം നമ്മുടെ കർത്തവിന്റെ അടുക്കൽ നിന്ന് ജീവന്റെ ജലം പാനം ചെയ്യുന്നതിനുമുള്ള കൃപക്കായി ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുക. അവൻ നിന്റെ പ്രാർത്ഥന കേട്ട് അതിനുള്ള കൃപയും കരുണയും ചൊരിയുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**യെശയ്യാവു 55:1**

“അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ; വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ..’’

**ബ്രദർ ബിനു ബേബി ആലപ്പുഴ 024**